പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1329. | 20.01.2014 ൽ മറുപടിക്ക്

**റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) റേഷൻ കടകൾവഴി വിതരണം ചെയ്യേണ്ട അരിയും, ഗോതമ്പും, മണ്ണെണ്ണയും അനധികൃതമായി വില്പന നടത്തുന്നത് കൂടിവരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; (ബി) എങ്കിൽ അതു തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) (ബി) ശ്രദ്ധയിൽ പെട്ടിട്ടില്ല; റേഷൻ കടകൾവഴി വിതരണം ചെയ്യേണ്ട അരിയും, ഗോതമ്പും, മണ്ണെണ്ണയും അനധികൃതമായി വിൽപന നടത്തുന്നത് തടയുന്നതിനായി കർശനമായ റെയ്ഡുകളും പരിശോധനകളും നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. റേഷൻ കടകളിൽ സ്റ്റോക്ക്, വിലവിവരപ്പട്ടിക എന്നിവ ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് കർശനനിർദ്ദേശം നൽകിവരുന്നു. റേഷൻ സാധനങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നു. അവ കൊണ്ടുപോകുന്ന വാഹനങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്; |
| (സി) റേഷൻ വിതരണത്തിൽ ക്രമക്കേട് നടത്തുന്ന എത്ര ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടുണ്ട്; അവർ ആരെല്ലാമെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (സി) റേഷൻ വിതരണത്തിൽ ക്രമക്കേട് നടത്തുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തിയിട്ടില്ല; |
| (ഡി) ക്രമക്കേട് നടത്തിയ ഏതെല്ലാം കടയുടമകളെ പിടികൂടിയിട്ടുണ്ട്; അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; അതുപ്രകാരം എത്ര റേഷൻ കടകൾ പൂട്ടി; ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ഡി) ക്രമക്കേട് നടത്തിയ കടകൾ സംബന്ധിച്ച ജില്ലതിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു; |
| (ഇ) റേഷൻ കടകളിൽനിന്നും എഫ്.സി.ഐ. ഗോഡൗണുകളിൽനിന്നും കടത്തിയ എന്തെല്ലാം സാധനങ്ങൾ എവിടെ നിന്നെല്ലാം നടപ്പുവർഷം പിടികൂടിയിട്ടുണ്ട്; അതിന്റെ മതിപ്പുവില എത്ര കോടി രൂപയോളം വരും; ജില്ലതിരിച്ച് വ്യക്തമാക്കുമോ; | (ഇ) റേഷൻകടകളിൽനിന്നും എഫ്.സി.ഐ. ഗോഡൗണുകളിൽനിന്നും കടത്തിയ സാധനങ്ങൾ പിടിച്ചെടുത്തത് സംബന്ധിച്ച നടപ്പുവർഷത്തെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു |

(എഫ്) നിലവിൽ എ.പി.എൽ./ബി.പി.എൽ വിഭാഗക്കാർക്ക് റേഷൻ കടകൾ വഴി ഏതെല്ലാം സാധനങ്ങൾ നൽകുന്നുണ്ട്; ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതിൽ എന്തെല്ലാം സാധനങ്ങൾക്ക് കുറവ് വരുത്തിയിട്ടുണ്ട്; കാരണം വ്യക്തമാക്കുമോ?

(എഫ്) ബി.പി.എൽ വിഭാഗക്കാർക്ക് 2014 ജനുവരി മാസം റേഷൻ കടകൾ വഴി കിലോഗ്രാമിന് ഒരു രൂപാ നിരക്കിൽ 25 കി.ഗ്രാം അരിയും രണ്ട് രൂപ നിരക്കിൽ 5 കി.ഗ്രാം ഗോതമ്പും 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നല്കുന്നുണ്ട്. എ.പി.എൽ. കാർഡുടമകൾക്ക് കിലോഗ്രാമിന് 8.90 രൂപാ നിരക്കിൽ 10 കി.ഗ്രാം അരിയും കിലോഗ്രാമിന് 12 രൂപാ നിരക്കിൽ കാർഡൊന്നിന് 2 കി.ഗ്രാം ആട്ടയും നൽകുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ട് രൂപാ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 10 കിലോഗ്രാം അരി കിലോഗ്രാമിന് 2/- രൂപാ നിരക്കിൽ നൽകുന്നു. എ.എ.വൈ. വിഭാഗത്തിൽപ്പെട്ടവർക്ക് 1/- രൂപാ നിരക്കിൽ 35 കിലോഗ്രാം അരിയും കിലോഗ്രാമിന് 13.50 രൂപാ നിരക്കിൽ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാരയും നല്കുന്നു. അന്നപൂർണ്ണ കാർഡുടമകൾക്ക് പ്രതിമാസം 10 കിലോഗ്രാം അരി സൗജന്യമായി നൽകുന്നു. കൂടാതെ വൈദ്യുതീകരിച്ച വീടുകൾക്ക് 1 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും നൽകുന്നു. 2013 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ 12140 മെ.ടൺ അരിയും 4884 മെ.ടൺ ഗോതമ്പും ബി.പി.എൽ. അഡ്ഹോക് അലോട്ട്മെന്റായി അനുവദിച്ചു. അപ്രകാരം 139748 മെ.ടൺ ഭക്ഷ്യധാന്യങ്ങൾ അനുവദിച്ചുവെങ്കിലും ടി ഉത്തരവിൽ സംസ്ഥാനത്തിന്റെ ആകെ പ്രതിമാസവിട്ടെടുപ്പ് 122724 മെ. ടണ്ണിൽ കൂടുവാൻ പാടില്ലായെന്ന് നിർദ്ദേശിച്ചതിനാൽ എ.പി.എൽ ഗോതമ്പ്വിഹിത വിട്ടെടുപ്പിൽ കുറവുവരുത്തേണ്ടിവന്നു. ആയതിനാൽ 2013 നവംബർ മുതൽ എ.പി.എൽ. ഗോതമ്പ് നൽകുന്നില്ല. എന്നാൽ 2 കി.ഗ്രാം ആട്ട നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

| ജില്ല | ക്രമക്കേട് കണ്ടെത്തിയ കടകളുടെ എണ്ണം | സ്വീകരിച്ച നടപടി |
|---|---|---|
| തിരുവനന്തപുരം | 17 എആർഡികൾ<br>1 എഡബ്ല്യൂഡി<br>1 കെഡബ്ല്യൂഡി | സസ്പെന്റ് ചെയ്തു.<br>സസ്പെന്റ് ചെയ്തു.<br>സസ്പെന്റ് ചെയ്തു. |
| കൊല്ലം | 12 കടകൾ | 11എണ്ണം താത്കാലികമായും ഒരെണ്ണം സ്ഥിരമായും സസ്പെന്റ് ചെയ്തു. |
| പത്തനംതിട്ട | 10 എആർഡികൾ | അംഗീകാരം താത്കാലികമായി റദ്ദ് ചെയ്തു. |
| ആലപ്പുഴ | 13 കടകൾ | സസ്പെന്റ് ചെയ്തു. സ്റ്റോക്കിന്റെ വില ഈടാക്കി. |
| കോട്ടയം | 12 കടകൾ | 11കടകൾ താത്കാലികമായും 1 എണ്ണം സ്ഥിരമായും റദ്ദ് ചെയ്തു. |
| ഇടുക്കി | 25 കടകൾ | 17റേഷൻകടയുടമകളുടെ സെക്യൂരിറ്റി കണ്ടുകെട്ടി.<br>1 കട റദ്ദ് ചെയ്തു., 7 കടകൾ താല്കാലികമായി റദ്ദ് ചെയ്തു.<br>മറ്റ് നടപടികൾ സ്വീകരിച്ച് വരുന്നു. |
| എറണാകുളം | 17 എആർഡികൾ<br>1 എഡബ്ല്യൂഡി | 16 എആർഡി, 1 എഡബ്ല്യൂഡി യും സസ്പെന്റ് ചെയ്തു. റേഷൻസാധനങ്ങളുടെ ഇക്കണോമിക് കോസ്റ്റും ജാമ്യസംഖ്യയും കണ്ടുകെട്ടി. നടപടികൾ തുടർന്നുവരുന്നു. |
| തൃശ്ശൂർ | 44 എആർഡികൾ | താത്കാലികമായി സസ്പെന്റ് ചെയ്തു. റേഷൻ സാധനങ്ങളുടെ വില ഈടാക്കുകയും ചെയ്തു. |
| പാലക്കാട് | 7 എആർഡി<br>1 എഡബ്ല്യൂഡി<br>1 കെഡബ്ല്യൂഡി | ഇവ താത്കാലികമായി സസ്പെന്റ് ചെയ്തു. റേഷൻ സാധനങ്ങളുടെ വില ഈടാക്കുകയും മുഴുവൻ ജാമ്യസംഖ്യയും സർക്കാരിലേക്ക് കണ്ടുകെട്ടുവാൻ ഉത്തരവ് നല്കി. |
| മലപ്പുറം | 23 കടകൾ | 22 കടകൾ താല്കാലികമായും 1 കട സ്ഥിരമായും റദ്ദ് ചെയ്തു. |
| കോഴിക്കോട് | - | - |
| വയനാട് | 4 | സസപെന്റ് ചെയ്തു. |
| കണ്ണൂർ | - | - |
| കാസറഗോഡ് | 1എആർഡി | അംഗീകാരം സസ്പെന്റ് ചെയ്തു. |

| ജില്ല | പിടിച്ചെടുത്ത സാധനം | പിടിച്ചെടുത്ത സ്ഥലം | മതിപ്പ് വില |
|---|---|---|---|
| തിരുവനന്തപുരം | അരി -484 ചാക്ക്<br>അരി - 38 ക്വിന്റൽ<br>ഗോതമ്പ് -10 ക്വിന്റൽ<br>ഗോതമ്പ് - 2 ചാക്ക് | മാമം, കല്ലമ്പലം<br>നെടുമങ്ങാട്<br>നെടുമങ്ങാട്<br>കാഞ്ഞിരംപാറ | അരി-756000/-<br>ഗോതമ്പ് - 18700/- |
| കൊല്ലം | നടപ്പുവർഷം റേഷൻ സാധനങ്ങൾ പിടികൂടിയിട്ടില്ല | | |
| പത്തനംതിട്ട | പച്ചരി-40 കി.ഗ്രാം, പുഴക്കലരി-18കി.ഗ്രാം | തിരുവല്ല താലൂക്കിലെ എആർഡി 57 | 1241.20രൂപ |
| ആലപ്പുഴ | നടപ്പുവർഷം പിടികൂടിയിട്ടില്ല | | |
| കോട്ടയം | അരി - 400 കി.ഗ്രാം<br>ഗോതമ്പ്- 100 കി.ഗ്രാം<br>പുഴക്കലരി - 7247 കി.ഗ്രാം<br>പച്ചരി - 550കി.ഗ്രാം<br>സിഎംആർ അരി - 150 കി.ഗ്രാം | പായിപ്പാട്<br>പായിപ്പാട്<br>ചങ്ങനാശ്ശേരി മാർക്കറ്റ്<br>ചങ്ങനാശ്ശേരി മാർക്കറ്റ്<br>" | 1,80,000/-രൂപ |
| ഇടുക്കി | നടപ്പുവർഷം ഒരു റേഷൻ സാധനവും പിടികൂടിയിട്ടില്ല | | |
| എറണാകുളം | നടപ്പുവർഷം ഒന്നും പിടിച്ചെടുത്തിട്ടില്ല | | |
| തൃശ്ശൂർ | റേഷൻ സാധനങ്ങളൊന്നും നടപ്പ് വർഷം പിടികൂടിയിട്ടില്ല | | |
| പാലക്കാട് | റേഷൻ സാധനങ്ങളൊന്നും നടപ്പ് വർഷം പിടികൂടിയിട്ടില്ല | | |
| മലപ്പുറം | ഇല്ല. | | |
| കോഴിക്കോട് | മണ്ണെണ്ണ -2000 ലിറ്റർ<br>ഗോതമ്പ് - 40 ക്വിന്റൽ<br>മണ്ണെണ്ണ - 402 ലിറ്റർ<br>അരി- 2 ക്വിന്റൽ<br>ഗോതമ്പ് - 9 കി.ഗ്രാം | കോഴിക്കോട്<br>വടകര<br>കോഴിക്കോട് ബീച്ച്<br>മുക്കം<br>മുക്കം | 74284/-രൂപ |
| വയനാട് | റേഷൻ സാധനങ്ങളൊന്നും നടപ്പ് വർഷം പിടികൂടിയിട്ടില്ല | | |
| കണ്ണൂർ | റേഷൻ സാധനങ്ങളൊന്നും നടപ്പ് വർഷം പിടികൂടിയിട്ടില്ല | | |
| കാസറഗോഡ് | ഗോതമ്പ് - 9900 കിലോഗ്രാം<br>പച്ചരി - 600 കിലോഗ്രാം | കാസറഗോഡ്<br>കാസറഗോഡ് | 162825/-രൂപ |